ചെറുകഥ

# നിലാവെളിച്ചവുമായി ഒരാൾ

(കണക്കൂർ ആർ. സുരേഷ്കുമാർ )

നിലാവെളിച്ചവുമായി തന്റെ രക്ഷകൻ പടികയറിവരുമെന്ന് ഈ അസമയത്ത് സ്വപ്നം കണ്ടതെന്തിന് ? സുമി അതിശയിച്ചു. സ്വപ്നത്തിനിടെ അവൾ ചിരിച്ചു എന്നുപറഞ്ഞ് അയാൾ പരിഹസിക്കുകയും ചെയ്തു. പതിവില്ലാതെയാണ് മയങ്ങിപ്പോയത്. ലൈംഗികത്തൊഴിലാളികൾ അങ്ങനെ ഉറങ്ങിപ്പോകരുത്. സ്വപ്നം കാണരുത്.

അവൾ ചുരുട്ടിയെറിഞ്ഞ ടിഷ്യൂ പേപ്പറുകൾ തറയിൽ കാറ്റിനൊത്ത് തുള്ളി. അവ മുറിയിൽ സമാധാനപ്പറവകളെ പോലെ വഴിതെറ്റിയലഞ്ഞു.

ബലാൽസംഗം ചെയ്യപ്പെട്ട പെൺകുട്ടി മരിച്ചതിന്റെ പേരിൽ വലിയൊരു പ്രതിഷേധജാഥ റോഡിലൂടെ നിലവിളികളോടെ കടന്നുപോയി. ജാഥയുടെ മുൻനിരയിൽ നടന്നവർ പിടിച്ച പോസ്റ്ററിൽ ആ പെൺകുട്ടിയുടെ ചിത്രമുണ്ടായിരുന്നു. സുമിക്ക് ആ ചിത്രം വ്യക്തമായി കാണുവാൻ കഴിയുമായിരുന്നില്ല. എങ്കിലും അവൾ ആ മുഖം മനസ്സിൽ വരച്ചെടുത്തു. ബലാൽസംഗത്തിന് ഇരയാക്കപ്പെട്ടുകഴിഞ്ഞാൽ പെണ്ണുങ്ങളക്കെല്ലാം ഒരേ മുഖമായിരിക്കും.

ജാഥയിൽ പങ്കെടുക്കുന്നവരുടെയും മുഖങ്ങൾ വ്യക്തമല്ല. അടുത്തുപോയി നോക്കിയാൽ ചില മുഖങ്ങൾ പരിചയമുള്ളതാണ് എന്നുവരാം. അവളുടെ ചുണ്ടിൽ ചെറിയൊരു ചിരിയൂറി.

സുമി കട്ടിലിൽ കിടക്കുന്ന അയാളെ നോക്കി. അയാളുടെ വലിയ വയറിനെ ചുറ്റിക്കിടന്ന നൂലിഴയിൽ സ്വർണ്ണമാല കുരുങ്ങിക്കിടക്കുന്നു. കട്ടിലെന്ന കൊടുങ്കാറ്റൊഴിഞ്ഞ സമുദ്രത്തിൽ നങ്കൂരമിട്ടൊരു കൊടിമരമൊടിഞ്ഞ കപ്പൽ പോലെയുണ്ട് അയാൾ . പൂപ്പൽ നിറഞ്ഞ മെത്തയിൽ പഴകിക്കിടന്നുകൊണ്ട് സുമിയെ അയാൾ കണ്ണുമിഴിച്ച് നോക്കി.

''ബലാൽസംഗത്തിന് ജയിൽശിക്ഷ മതിയോ... അതോ തൂക്കുകയറ് തന്നെ വേണോ ? എന്താണ് സാറിന്റെ അഭിപ്രായം ? '' അവൾ ചോദിച്ചു.

'' മണ്ണാങ്കട്ട. എന്തിനാണ് നീയിപ്പം ഇതൊക്കെ പറേന്നത് ?'' കസ്റ്റമർ കോപത്തോടെ ചാടിയെഴുന്നേറ്റു. ഒന്ന് മുരണ്ടുകൊണ്ട് അയാൾ തുടർന്നു– '' ഏഴാം കൂലിയായ നീയൊക്കെ തുണിയുരിഞ്ഞ് കെടന്നിട്ട് കാശുംവാങ്ങി പോയാപ്പോരെ ? ഒരു അഭിപ്രായം ചോദിക്കല്.... വലിയ കാര്യങ്ങളിൽ തലയിടാതിരി ..''

''ഞങ്ങൾ തലയിടും.. കാരണം ഇത് ഞങ്ങളുടെ കൂടെ കാര്യമാണ്.. ''

പ്രമുഖ പത്രത്തിന്റെ ലേഖകൻ ഇന്ന് അഭിമുഖത്തിനായ് വരുന്നു എന്ന് ഓർത്തുകൊണ്ട് അവൾ മുടിയഴിച്ചിട്ട് മേൽ കഴുകുവാൻ പോയി. പടിഞ്ഞാറൻ കാറ്റ് ഒരുവേള ജാലകത്തിനടുക്കൽ വരെ വന്ന് ഒളിനോട്ടം നടത്തി മടങ്ങി. സുമി വസ്ത്രം മാറിയിട്ട് ബാഗെടുത്തു. അതിലിരുന്ന സെൽഫോണെടുത്ത് ഓൺ ചെയ്തു. പിന്നെ അയാളോട് യാത്ര പോലും പറയാതെ പുറത്തേക്കിറങ്ങി. ആദ്യം കണ്ട റിക്ഷക്കാരനെ അവൾ കൈകാട്ടി വിളിച്ചു. ''ശ്രീകണ്ഠം'' അവൾ പറഞ്ഞു.

വണ്ടി നീങ്ങുമ്പോൾ റിക്ഷക്കാരൻ ഒരു മൂളിപ്പാട്ട് പാടുന്നുണ്ടായിരുന്നു. അയാൾ റിയർവ്യൂ മിറർ സുമിയെ കാണാവുന്നവിധം ഒപ്പിച്ചുവെച്ചു. അവൾ പിന്നിലിരുന്ന് കണ്ണുകൾ അടച്ച് മയങ്ങുവാൻ ശ്രമിക്കുകയായിരുന്നു. വീട്ടുവാതിക്കൽ അഭിമുഖത്തിനായി കാത്തുനിൽക്കുന്ന

പത്രപ്രവർത്തകൻ  എങ്ങനെയുള്ള  ആളായിരിക്കും എന്നായിരുന്നു അവൾ ആ മയക്കത്തിലും ചിന്തിച്ചത്. 'എന്തൊക്കെയാവും അയാളുടെ ചോദ്യങ്ങൾ ? എന്തൊക്കെ പറയണം. പറയാതിരിക്കണം... അല്ലെങ്കിൽ ഇത്ര ചിന്തിക്കാൻ എന്തിരിക്കുന്നു.. തോന്നുന്ന പോലെയൊക്കെ പറയാം.'

വയലിന്റെ ഓരം ചേർന്ന്  ആ കുട്ടിവണ്ടി കിതപ്പോടെ ഓടി. തരിശുകിടന്ന പാടത്ത് അരയടിയിൽ ഇപ്പോൾ വെള്ളക്കെട്ടുണ്ട്.  അവിടെ  പ്രതിചിന്തനം ചെയ്തുകൊണ്ടിരുന്ന കൊറ്റികൾ ഇന്ന് എണ്ണത്തിൽ കുറവായിരിക്കുന്നു. ഐസ് പ്ളാന്റ് കഴിഞ്ഞയുടൻ വലത്തേക്ക് ഒരു വഴിയുണ്ട്. അതുവഴി പോകുമ്പോൾ ഒരുനിമിഷം എങ്ങനെയോ  ശ്രദ്ധക്കുറവ് റിക്ഷാക്കാരനെ പിടികൂടി.

വഴിയരികിൽ വശത്തേക്ക് മറിഞ്ഞ റിക്ഷയിലിരുന്ന് അയാൾ സുമിയെ നോക്കി. മുമ്പ് ചില ആൾക്കൂട്ടങ്ങളിൽ അവളെ അയാൾ കണ്ടിട്ടുണ്ട്. അപ്പോഴൊക്കെ അവൾക്ക് വേറിട്ട ചില ഭാവങ്ങൾ ഉണ്ടെന്ന്  അയാൾക്ക് തോന്നിയിരുന്നു.  വിജനമായ വഴി. തല എവിടെയോ ഇടിച്ച് മരവിച്ചു കിടക്കുകയാണ് യുവതി.  അധിക ബലപ്രയോഗം വേണ്ടിവന്നില്ല. അയാൾ അവളെ റിക്ഷയുടെ മറയിലേക്ക് വലിച്ചിഴച്ചു. പിന്നെ ചേർ കുത്തിത്തെറിപ്പിച്ച് മൃഗചേഷ്ടകളോടെ ഏറിയ തിടുക്കത്തോടെ പ്രാപിച്ചു.

വണ്ടി ഉന്തി നേരെയാക്കിയ ശേഷം പോകുവാൻ തീരുമാനിച്ചിട്ട് അയാൾ അവളെ തല ചരിച്ച് നോക്കി. എവിടെയൊ പൊട്ടിയൊലിച്ച ചോര അവളുടെ ഇരുണ്ട് രോമാവൃതമായ കാലുകളിൽ പുരണ്ട ചേറിൽ ലയിക്കുന്നുണ്ട്.

ക്ഷീണത്തോടെ  അവൾ അയാളെ തിരികെ വിളിച്ചു.

''ഉം... ന്തര്.. ? '' അയാൾ അമറി. മെയിൻ റോഡിലൂടെ വാഹനങ്ങൾ കടന്നുപോകുന്ന ശബ്ദം അവർക്ക് കേൾക്കാമായിരുന്നു.

''ചേട്ടാ.... എന്നെ ഒന്ന് പിടിച്ച്  ശ്രീകണ്ഠത്ത് എത്തിക്ക്... ''

അയാൾ അത് കേൾക്കാത്ത മട്ടിൽ റിക്ഷ സ്റ്റാർട്ടാക്കി. ഒരു നിരാകരണത്തിന്റെ തലയെടുപ്പോടെ അയാൾ ഇരിപ്പിടത്തിൽ ഞെളിഞ്ഞിരുന്നു. എങ്കിലും പാതിചത്ത ഒരുവളുടെ പിൻവിളി കാതുകളിൽ   വന്നലയ്ക്കുന്നു ! അഴുക്ക് പുരണ്ട വസ്ത്രം നേരെയാക്കി അയാളുടെ കൈകളിൽ പിടിച്ചുനടന്ന് അവൾ റിക്ഷയിൽ വീണു.

ഒരുകുപ്പി വെള്ളം പരതിയെടുത്ത് , പാതികുടിച്ചിട്ട് അയാൾ അവൾക്ക് നൽകി.

'' എന്നെ അവിടെ വിട്ടുപോകാൻ തോന്നി.  അല്ലെ ? '' അവൾ ക്ഷീണിച്ച സ്വരത്തിൽ ചോദിച്ചു.

അയാൾ അന്തമില്ലാത്ത ഒരു നോട്ടം അവളെ നോക്കി.  ഇരയെ  പൂർണ്ണമായും നിരാകരിക്കുവാൻ കഴിയാത്ത  വേട്ടക്കാരന്റെ  നോട്ടം.  അയാൾ എന്തോ പുലമ്പുന്നുണ്ടായിരുന്നു.

അവൾ വീടെത്തിയപ്പോൾ അതിനുമുന്നിൽ  മുഷിയാതെ കാത്തിരുന്ന ലേഖകൻ എഴുന്നേറ്റു. അയാൾ നേരം ഒരുപാടായി അവിടെ കാത്തിരിക്കുന്നു.  രണ്ടുപുസ്തകങ്ങൾ  എഴുതിയ, രണ്ട് ലഘുചിത്രങ്ങൾ നിർമ്മിച്ച,  കുറച്ചുകാലമായി മാധ്യമങ്ങളിൽ നിറഞ്ഞ   'സുമി' എന്ന ലൈംഗികത്തൊഴിലാളിയുടെ വീടിനുമുന്നിൽ കാത്തുനിൽക്കേണ്ടി വന്നതിൽ അയാൾക്ക് സങ്കോചം തോന്നിയില്ല.

ആടിയുലഞ്ഞ് അവൾ റിക്ഷയിറങ്ങുന്നതുകണ്ട് അയാൾ പരിഭ്രമിച്ചു.

''എന്തുപറ്റി ? ആരെങ്കിലും....  എന്തെങ്കിലും ? ''

അവൾ മറുപടി പറയാതെ നിന്നപ്പോൾ റിപ്പോർട്ടർ ഓട്ടോഡ്രൈവറിനോട് ചോദ്യം ആവർത്തിച്ചു.

''ഒന്നുമില്ല. അയാക്ക് പണം കൊടുത്തുവിട്ടേര് ... '' എന്ന് അവൾ .

ഡ്രൈവർ പണം വേണ്ടെന്ന് പറഞ്ഞു. സുമി സഹതാപത്തോടെ അയാളെ നോക്കി. അയാൾ വണ്ടി സ്റ്റാർട്ട് ചെയ്തിട്ട് തന്റെ ജീർണ്ണതയിലേക്ക് നിലംപൊത്തി.

അവൾ കുളിച്ചിറങ്ങി വരുന്നതുവരെ റിപ്പോർട്ടർ കാത്തിരുന്നു. പിന്നെ അയാൾ പറഞ്ഞു– ''നിങ്ങൾ വളരെ ക്ഷീണിതയാണ്. വേണമെങ്കിൽ നമുക്ക് മറ്റൊരിക്കലാകാം..''

''അഭിമുഖം മാത്രമാണ് ഉദ്ദേശമെങ്കിൽ ഇപ്പോളാകാം. അതല്ല അനുഭവമാണ് സാറിന് വേണ്ടത് എങ്കിൽ ഇന്ന് അതിന് പറ്റില്ല. '' സുമിയുടെ ഉത്തരത്തിൽ അയാൾ അല്പം കുഴങ്ങി. അയാൾ ജേർണ്ണലിസത്തിന്റെ കൊള്ളരുതായ്മകൾ കോളേജിൽ പോയി പഠിച്ചിരുന്നില്ല. ചോദിക്കേണ്ട ചോദ്യങ്ങളുടെ ഒരു പട്ടിക തയാറാക്കിക്കൊണ്ടാണ് വന്നത്. പൊതുവെ ഭാഗ്യമുള്ള ഒരു റിപ്പോർട്ടർ ആയിരുന്നു അയാൾ. വെറും ന്യൂസ് ഫില്ലിങ്ങിനായി ചെയ്ത പല അഭിമുഖങ്ങളിലും വമ്പൻ സ്കൂപ്പുകളും വീണുകിട്ടിയിട്ടുണ്ട്.

മുൻമുറിയിൽ ഇരുന്നാവാം അഭിമുഖം എന്ന അയാളുടെ അഭിപ്രായത്തോട് അവൾ ആദ്യംതന്നെ വിയോജിച്ചു. '' കിടപ്പുമുറിയിൽ ആകുമ്പോ ഞാൻ കൂടുതൽ കംഫട്ടബിൾ ആവും. കട്ടിലിൽ ഇരുന്നാൽ ചിലപ്പോ എനിക്ക് അല്പംകൂടി എനർജി കിട്ടിയെന്നുവരാം. കട്ടിലാണല്ലൊ എന്റെ തട്ടകം. '' അവൾ ചിരിച്ചു.

റിപ്പോർട്ടർ ഒരു മരക്കസേരയിൽ ഇരുന്ന പ്രസിദ്ധീകരണങ്ങൾ പെറുക്കിയൊതുക്കി അല്പമിടം ഉണ്ടാക്കിയിരുന്നു. അയാൾ ആ പ്രസിദ്ധീകരണങ്ങളിൽ കണ്ണുകൊണ്ട് പരതി. പ്രമുഖ രാഷ്ടീയ സാമൂഹ്യ പ്രസിദ്ധീകരണങ്ങൾ !!

''ഇതൊക്കെ വായിക്കുവോ ? '' അയാൾ ചോദിച്ചു.

''വെറുതെ മറിച്ചുനോക്കും. പിന്നെ ഇവിടെ വരുന്നവർ ചിലർ ഇതൊക്കെ വായിക്കാറുണ്ട്. പ്രബുദ്ധരായ ചില കസ്റ്റമേഴ്സ്.. ''

അയാൾ പുഞ്ചിരിച്ചു. റിപ്പോർട്ടർ സുമുഖനാണ്. പ്രബുദ്ധനുമാണ്. എന്നും രാവിലെ ഷേവ് ചെയ്യും. മൂക്കിലെയും മേൽമീശയിലെയും അധികം വളർന്ന രോമങ്ങൾ മുറിച്ചുകളയും. ഇസ്തിരിയിട്ട വസ്ത്രങ്ങൾ മാത്രം അണിയും.

അയാൾ മുറിയിൽ കണ്ണോടിച്ചു. കതക് പറിഞ്ഞുപോയ ചുവരലമാരിയിൽ പകുതി കഴിഞ്ഞ മദ്യക്കുപ്പി. അതും ചിലപ്പോൾ കസ്റ്റമേഴ്സിന് ഉള്ളതാകാം. ചെറിയ നിരയലമാരയിൽ നിറം മങ്ങിയ ചില ചിത്രങ്ങൾ. അവിടെ കണ്ട ഒരു സുന്ദരിയുടെ മെഴുകുപ്രതിമ വലതുകൈ ഒടിഞ്ഞതാണ് എന്നയാൾ ശ്രദ്ധിച്ചു. പണ്ടെന്നോ പാട്ടുനിലച്ച ഒരു മ്യൂസിക്ക് പ്ളെയർ അവിടെ തല മൂടിയിട്ട് ഉറങ്ങുന്നുണ്ട്. ചുവരിൽ നിലച്ചുകിടന്ന ഘടികാരത്തിന്റെ പിന്നിലൊളിച്ച പല്ലി പതുക്കെ തലനീട്ടി അവരെ ഇരുവരേയും വീക്ഷിക്കുന്നുണ്ടായിരുന്നു.

ആദ്യം ശബ്ദം രേഖപ്പെടുത്തുവാനുള്ള തയ്യാറെടുപ്പുകൾ നടത്തി. പിന്നീടയാൾ ബാഗിൽ നിന്ന് ഒരു നോട്ടുപുസ്തകം എടുത്തു. പേനയും. അവൾ കൗതുകത്തോടെ അതെല്ലാം നോക്കിയിരുന്നു. അയാൾ ലക്ഷ്യം നഷ്ടപ്പെട്ട ഒരാളെ പോലെ ആ പുസ്തകത്തിൽ എന്തോ കുത്തിക്കുറിച്ചു. മഷി നിറയ്ക്കുന്ന ഒരു പേനയായിരുന്നു അത്. അയാൾക്ക് ആ പേനയോട് വല്ലാത്ത ഒരിഷ്ടം ഉണ്ടെന്ന്

അവൾക്ക് തോന്നി.  ഒരുപക്ഷെ വർഷങ്ങളായി അയാൾ ഉപയോഗിക്കുന്ന ഒന്നാവും അത്. അതല്ലെങ്കിൽ വളരെ വേണ്ടപ്പെട്ട ആരെങ്കിലും ഒരാൾ സമ്മാനമായി നൽകിയത്.

'അഭിമുഖം ഇനിയും തുടങ്ങിയില്ല'  എന്ന് ഒരു പല്ലി മച്ചിന് താഴെ ഒട്ടിയിരുന്ന് ചിലച്ചു.

റിക്ഷയിൽ നിന്ന് തകർന്ന മുഖവുമായി ഇറങ്ങിവന്നതിൽ നിന്നും അവളുടെ നില അല്പം ഭേദപ്പെട്ടിരിക്കുന്നു എന്ന് അയാൾക്ക് തോന്നി. അവൾക്ക് എന്തായിരുന്നു സംഭവിച്ചത് എന്ന ആകാംക്ഷയിൽ നിറഞ്ഞ് അയാൾ വീർപ്പുമുട്ടി.

''പകൽ ഒരു കസ്റ്റമർ ഉണ്ടാരുന്നു. അത് കഴിഞ്ഞ് ഇറങ്ങാൻ വൈകി.  വരുന്നവഴി ആളനക്കമില്ലാത്ത ഒരിടത്ത് ആട്ടൊ മറിഞ്ഞു. വീണുകിടന്ന എന്നെ ഡ്രൈവർ വഴിയരികിലിട്ട് ബലാത്സംഗം ചെയ്തു. ഞാൻ ഒരു അഭിസാരികയെന്ന് അറിഞ്ഞിട്ടും ഒരു ഉറയുടെ മറപോലും ഇല്ലാതെയാണ് അയാൾ അത് ചെയ്തത്.''

''നിങ്ങൾ എവിടെയും പരാതിപ്പെടുന്നില്ലെ ? ''

'' എവിടെ ? '' സുമി തിരികെ ചോദിച്ചു.

'' പോലീസ് .. വനിതാസെൽ... ''

''പിന്നെ പത്രങ്ങൾ... ചാനലുകൾ...വനിതാസംഘടനകൾ... അല്ലെ ?''

റിപ്പോർട്ടർ ഒന്നും പറയാതെ ഇടതുകാൽമുട്ടിൽ തന്റെ വലതുകാൽ കയറ്റിവച്ചു. അയാളുടെ വലതുകാലിലെ സോക്ക്സിൽ ഒറ്റരൂപാ വലിപ്പത്തിൽ കണ്ട വിണ്ടുകീറൽ ഒളിപ്പിക്കാതെ വിട്ട ചൊറിയടയാളം നോക്കിക്കൊണ്ട്  അവൾ തുടർന്നു–

''ഒരുകൂട്ടം ആളുകളാണ് ഒരു പെണ്ണിനെ ബലാത്സംഗം ചെയ്ത്  കൊന്നത്. അതിൽ ഒരുത്തനും അവളെ ശരിക്കും അനുഭവിച്ചിട്ടുണ്ടാവില്ല. പക്ഷെ അവൾ എത്രത്തോളം അനുഭവിച്ചു ! ചിലർ പറയുന്നു, പുരുഷന്റെ അധികകാമം ശമിപ്പിക്കുവാൻ ലൈംഗികത്തൊഴിലാളികൾ ഏറെയുണ്ടാവണം... വേശ്യത്തെരുവുകൾ ഉണ്ടാകണം എന്നൊക്കെ.  ഒന്ന് ചോദിക്കട്ടെ,  അവർ ആരെങ്കിലും സ്വന്തം ഭാര്യയെ.. അല്ലെങ്കി പെങ്ങളെയോ, മകളെയോ ഈ തൊഴിലിന് അയയ്ക്കുമോ ? ''

''ഇതൊക്കെ പഴഞ്ചൻ ചോദ്യങ്ങളാണ്..'' അയാൾ അറിയാതെ പറഞ്ഞുപോയി.

സുമി  മച്ചിൽ തിരിയുന്ന പങ്കയിലേക്ക് നോട്ടം മാറ്റി. അത് നിന്നുപോകുന്നതായും പിന്നെ തിരികെ കറങ്ങുന്നതായും അവൾക്ക് തോന്നി.   കണ്ണുകൾ പിൻവലിച്ചുകൊണ്ട് അവൾ  ചോദിച്ചു–

''നിങ്ങൾ ആരെയെങ്കിലും ബലാത്സംഗം ചെയ്തിട്ടുണ്ടൊ ? ''

ഉത്തരമില്ലാതെ ഒരു കുറ്റവാളിയെ പോലെ അയാൾ നിലകൊണ്ടു.

അവൾ തുടർന്നു– ''ഇല്ലങ്കിൽ ചെയ്യണം. ശരിക്കും ബലാത്സംഗം ചെയ്യണമെങ്കിൽ അത് സ്വന്തം മകളെയാവണം. ഇനി നിങ്ങൾ വിവാഹിതനല്ലെങ്കിൽ ആ ഇര നിങ്ങടെ സഹോദരി  ആവാം.. അതല്ലെങ്കിൽ നിങ്ങളുടെ അമ്മയെ ആവാം. അവർക്കെല്ലാം ഉണ്ട് ഒളിഞ്ഞിരിക്കുന്ന മൂത്രം മണക്കുന്ന കവാടങ്ങൾ. പറിച്ചെടുക്കാൻ പാകത്തിന് മുലഞെട്ടുകൾ.  കടിച്ചുവലിക്കുവാൻ ചുണ്ടുകൾ. ബലാത്സംഗത്തിലെ തെറ്റുകളും ശരികളും അവരെ കീഴ്പ്പെടുത്തി അനുഭവിച്ച് അറിയണം. എന്തേ ? കഴിയില്ലെ ? ''

റിപ്പോർട്ടർ  എഴുനേറ്റു. അയാളുടെ ജേർണ്ണലിസ്റ്റ് ജീവിതത്തിൽ ഇതുപോലെ പല സങ്കീർണ്ണഘട്ടങ്ങളും അഭിമുഖീകരിച്ചിട്ടുണ്ട്. എന്നിട്ടും ഇപ്പോൾ ഒരു പതർച്ച !  ചില ആശയക്കുഴപ്പങ്ങൾ !

സ്ത്രീകളോടുള്ള തന്റെ നിലപാടെന്ത് എന്ന് അയാൾ സ്വയം ചോദിച്ചു. ഒരുപറ്റം സ്ത്രീകൾ അയാളുടെ മനസ്സിലൂടെ കടന്നുപോയി. ചുറ്റുമുള്ള പുരുഷന്റെ നോട്ടങ്ങളെക്കൂടി ഭയന്ന്, ആരെ വിശ്വസിക്കണം ആരെ സ്നേഹിക്കണം എന്നറിയാതെ നിരങ്ങിനീങ്ങുന്ന മനുഷ്യജന്മങ്ങളുണ്ട്. മൂടുപടമണിഞ്ഞ് സ്നേഹത്തെ വഞ്ചിക്കുന്നവരുമുണ്ട്. പുരുഷനെ ചവിട്ടിമെതിക്കുന്നവരേയും അയാൾ അറിയും. പുരുഷനും സ്ത്രീയും ഒരുപോലെ ദുരിതപർവ്വം താണ്ടുന്നവർ എന്ന് വിശ്വസിക്കുവാൻ ആയാൾ ബുദ്ധിമുട്ടോടെ ശ്രമം തുടർന്നു.

സുമി ശാന്തയായി തുടർന്നു. '' ബലാൽക്കാരത്തിന് വിധേയമാക്കപ്പെടുന്ന ഓരോ സ്ത്രീയും ആരുടെയെങ്കിലും അമ്മയാണ്. സഹോദരിയാണ്. മകളാണ്. അല്ലെ ? ''

അയാൾ ഒന്നും മിണ്ടാതെ തല കുലുക്കി.  സുമി തുടർന്നു–

''എന്റെയടുക്കൽ വരുന്നവർ പണം തരുന്നുണ്ട്. ഞാൻ വിധേയയാണ്. എങ്കിലും അവർക്ക് ബലപ്രയോഗത്തിലാണ് താത്പര്യം. ഇത് ആണുങ്ങൾക്ക്  മാനസികമായുള്ള ഒരു വൈകല്യമാണ്. പെണ്ണിനെ കീഴ്പെടുത്തുന്നതിലാണ് സുഖം. അല്ലാതെ വികാരം അവളുമായി പങ്കുവെക്കുന്നതിലല്ല. മനുഷ്യൻ മറ്റു ജീവികളിൽ നിന്നും  ഒരുപാട് വളർന്നതാണ്.  എന്നാൽ ഇപ്പോൾ അവൻ മൃഗത്തിലേക്ക് ഒരു തിരിച്ചുപോക്കിന് തുടങ്ങുകയാണ്. അച്ഛൻ മകളേയും മകൻ അമ്മയേയും പ്രാപിക്കുന്ന തരത്തിൽ വികലമായ ലൈംഗികചോദനകളുടെ ഈ കാലഘട്ടം കാണിച്ചുതരുന്നത് മറ്റെന്താണ് ? ''

അനേകസഹസ്രാബ്ദങ്ങൾ പെറ്റും മുലയൂട്ടിയും വളർത്തിയും ശീലിച്ച  പെണ്ണിന്റെ കണ്ണിയാണ് സുമി.  കാലങ്ങളായി ആണിന്റെ വിയർപ്പേറ്റ്, സമ്മർദ്ദമേറ്റ്, അവന്റെ സുരതക്രിയയുടെ വൈകല്യങ്ങളിലൂടെ സഞ്ചരിച്ച് വർത്തമാനകാലത്തിൽ എത്തിയ സ്ത്രീക്ക്  ആശിക്കുവാൻ വകയില്ല എന്ന് ഒരു കിതപ്പോടെ അവൾ തിരിച്ചറിഞ്ഞു.

സ്ത്രീ വെറും ലൈംഗികവസ്തുവല്ല. വിചാരങ്ങൾ ഉള്ള ഒരു മനുഷ്യജീവിയാണ് എന്നവൾ മെല്ലെ ഉരുവിട്ടു. വെയിൽ മങ്ങിയ ആകാശത്തിലൂടെ ലക്ഷ്യമില്ലാതെ നീങ്ങുന്ന മേഘശകലങ്ങളെ പോലെ ഒഴുകുവാൻ അവളുടെ ഉള്ള് തുടിക്കുന്നുണ്ടായിരുന്നു.

അഭിമുഖം ഉപേക്ഷിച്ച് അൽപ്പം ക്രുദ്ധനായി മടങ്ങിയ  അയാൾ ആ മഷിപ്പേന അവിടെ ഉപേക്ഷിച്ചതായി സുമി കണ്ടെത്തി. അവൾ അതെടുത്ത് എഴുതിനൊക്കി. 'നിലാവെളിച്ചവുമായി ഒരാൾ പടി കടന്നുവരുന്നു..' എന്നാണ് അവൾ  നീലമഷിയിൽ എഴുതിയത്. ആ വാചകങ്ങൾ അവൾ പലവട്ടം വായിച്ചു.

അന്നുരാത്രി ഒരു പരിചയക്കാരൻ അവളെ സ്നേഹാഭിനയത്തൊടെ വിളിച്ചു. അവൾ അതിലും പെരുത്ത സ്നേഹാഭിനയത്തോടെ ഒഴിവ് പറഞ്ഞു. പിന്നെ പാതി വായിച്ചിട്ടിരുന്ന ഒരു നോവലെടുത്ത് കുറച്ചുഭാഗം  തുടർന്നുവായിച്ചു. അനുഭവങ്ങളിലും ചുറ്റുപാടുകളിലും നിന്ന് പകർത്തെഴുതിയ ആ പുസ്തകം അവൾക്കിഷ്ടമായിരുന്നു.

ചെറിയ ജീവിതപ്രതിസന്ധികളിൽ കൂടി കടന്നുപോയ ഒരു ലൈംഗികത്തൊഴിലാളിയുടെ കഥ തന്നെയായിരുന്നു അവൾ ആദ്യം എഴുതിയ പുസ്തകം.  അവളുടെ രണ്ടാമത്തെ പുസ്തകത്തിൽ കുറച്ചുകൂടി ആത്മകഥാംശം ഉണ്ടായിരുന്നു. ഗോവൻ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഐനോക്സിൽ  പ്രദർശ്ശിപ്പിച്ച 'സാലഭഞ്ജിക' എന്ന ഹ്രസ്വചിത്രം ജൂറിയുടെ പ്രത്യേകപ്രശംസ നേടിയിരുന്നു. ബലാത്സംഗത്തിന് വിധേയമാക്കപ്പെട്ട ഒരു ലൈംഗികത്തൊഴിലാളിയുടെ കഥയായിരുന്നു അതും. എഴുതിയതും പറഞ്ഞതുമൊക്കെ തെറ്റായിരുന്നു എന്നവൾക്ക് തോന്നി. വായിച്ചവരും ചിത്രം

കണ്ടവരുമൊക്കെ പറഞ്ഞത് കള്ളമായിരുന്നു എന്നവൾ തിരിച്ചറിഞ്ഞു. സുമി പുസ്തകം താഴെയിട്ട് എഴുന്നേറ്റു.

അവളുടെ ഫോൺ ശബ്ദിച്ചു. അവൾ അമ്പരന്നു. അതേ റിപ്പോർട്ടർ..! 'ഒരു കസ്റ്റമറായി വന്നോട്ടെ' എന്ന്.. !

പറ്റില്ല എന്നവൾ തീർത്തുപറഞ്ഞു.

എന്നിട്ടും കുറച്ചുകഴിഞ്ഞപ്പോൾ ഒരു റിക്ഷ വീട്ടുപടിക്കലെത്തി. അയാൾ എവിടെനിന്നൊ നന്നായി മദ്യപിച്ചിട്ടുണ്ട് എന്ന് അവൾ മനസ്സിലാക്കി. അവൾ കതവ് തുറന്നില്ല. അയാൾ പത്രഭാഷയിൽ പുലഭ്യം തുടങ്ങി.

സുമി റിപ്പോർട്ടർ മറന്നുവെച്ച പേനയുമായി കതക് തുറന്ന് പുറത്തേക്കുചെന്നു.

'' ബലാത്സംഗത്തിലെ തെറ്റുകൾ ഞാൻ പഠിപ്പിച്ചുതരാടീ കൂത്തിച്ചീ.... '' എന്നുപറഞ്ഞ് അയാൾ അവളെ കടന്നുപിടിച്ചു. വാർത്തകൾ വളച്ചൊടിച്ച് എഴുതുന്ന അയാളുടെ കരങ്ങൾക്ക് താൻ കരുതിയതിലും കൂടുതൽ ശക്തിയുണ്ടല്ലോ എന്ന് അവൾ അമ്പരപ്പിനിടയിൽ ഓർക്കാതിരുന്നില്ല. .

''ഇന്നാ നിന്റെ മഷിപ്പേന..''

നിലവിളിച്ച അയാളുടെ ഇടത്തേ കണ്ണിൽ നിന്നും മഷിയും ചോരയും ഒരുമിച്ച് ഒലിച്ചു. അയാളെ നിലവിളിക്കുവാൻ വിട്ട് അവൾ തെരുവിലേക്ക് നടന്നു.

നക്ഷത്രങ്ങൾ ആകാശത്ത് പതുങ്ങിയിരുന്ന് അവളെ നോക്കി കണ്ണുചിമ്മുന്നുണ്ടായിരുന്നു. ഇരുളിലൂടെ മുന്നോട്ട് നടക്കുമ്പോൾ വഴിയരികിൽ പതുങ്ങിയിരുന്ന കാമപ്പിശാചുക്കൾ ഒന്നിനുപിന്നാലെ മറ്റൊന്നായി ചാടിവീഴുന്നത് അവൾ അറിഞ്ഞു.

പ്രകൃതിയിൽ നിന്നും കരുത്ത് ഉൾക്കൊണ്ട് വേദനയടക്കിപ്പിടിച്ച് ഒരു പുരുഷപ്രജയെ ഭൂമിയിലേക്ക് തള്ളിവിടുന്ന ഉൽപ്പത്തിസ്ഥാനത്ത് ഒരു ചോദ്യമിട്ട് നിൽക്കുന്ന വേട്ടക്കാരുടെ ഇടയിൽ അവൾ ഒറ്റപ്പെട്ടു. രക്ഷയുമായി ഒരാൾ വരും എന്ന് ഓരോ പെണ്ണും ഉറച്ചുവിശ്വസിക്കുന്നു.

സ്ത്രീയുടെ ജനനേന്ദ്രിയത്തിൽ നിന്നിറങ്ങുന്ന പുരുഷനെ സ്ത്രീയെ രക്ഷിക്കുവാൻ ഏൽപ്പിച്ച പ്രകൃതിനിയമത്തെ അവൾ കൊഞ്ഞനം കുത്തി. സ്ത്രീപക്ഷം എന്നത് വെറുതെയാണ് എന്ന് അലറിവിളിച്ചുപറയുവാൻ തോന്നി.

രാപ്പൂക്കളിൽ പരാഗണം നടത്തുന്ന നിശാശലഭങ്ങളെ അവൾ കൊതിയോടെ നോക്കി. രാവിൽ പൊട്ടിമുളച്ചു വളരുന്ന ചെടികളും അവളെ മോഹിപ്പിച്ചു.

വഴിയിൽ വീണുകിടന്ന നിലാക്കീറുകളിൽ നഗ്നഭൂമിയുടെ തുടിക്കുന്ന മാറ് വെളിവായത് സുമി കണ്ടു. തുണ്ടം തുണ്ടമായി വെട്ടിയിട്ട ആകാശം തിളച്ചുപൊന്തുന്ന വലിയൊരു തടാകത്തിന്റെ അരികിൽ ഒരുവേള അവൾ കുഴങ്ങി നിൽക്കവെ ശരിക്കും ഒരാൾ അകലെ നിന്നും കറുത്ത വെളിച്ചവുമായി നടന്നുവരുന്നുണ്ടായിരുന്നു. തന്റെ രക്ഷകൻ...! ഇനിമുതൽ ഓരോ ആണും പെണ്ണിനെ സ്നേഹത്തോടെ മാത്രം പ്രാപിക്കട്ടെ എന്ന് തിടുക്കത്തിൽ അവൾ പുലമ്പിത്തീർന്നു.

Peace ... for ever... forever.

---

From
Kanakkoor R. Sureshkumar